# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3069 — 03.04.2013 ലെ മറുപടിക്ക്

### നോർക്ക റൂട്ട്സിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. റ്റി. എൻ. പ്രതാപൻ:<br>ശ്രീ. വി. പി. സജീന്ദ്രൻ:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) നോർക്ക റൂട്ട്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) നോർക്ക റൂട്ട്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിലേയ്ക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള പ്രാദേശിക കേന്ദ്രങ്ങൾക്കു പുറമേ എല്ലാ ജില്ലകളിലും നോർക്ക സെല്ലുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കണ്ണൂർ, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ നോർക്ക റൂട്ട്സ് സെൽ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഡൽഹിയിലും, മുംബൈയിലുമുള്ള എൻ.ആർ.കെ ഡവലപ്പ്മെന്റ് ഓഫീസുകൾക്കു പുറമേ നോർക്കയുടെ സേവനങ്ങൾ അന്യ സംസ്ഥാനങ്ങളിലെ മലയാളി സമൂഹത്തിന് ലഭ്യമാക്കാനായി നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ ബറോഡ, ചെന്നൈ, ബെംഗളൂർ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദേശരാജ്യങ്ങളിൽ നോർക്കയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിലേയ്ക്ക് നോർക്ക-റൂട്ട്സ് ഡയറക്ടർമാരുടെ അദ്ധ്യക്ഷതയിൽ ഉപദേശകസമിതികൾ രൂപീകരിക്കുന്നതിന് ആലോചനയുണ്ട്. സൗദി അറേബ്യയിലെ ജയിലുകളിൽ നിന്ന് മോചിതരാകുന്നവർക്ക് നിലവിൽ സ്വപ്ന സാഫല്യം പദ്ധതിയിലൂടെ സൗജന്യവിമാന ടിക്കറ്റ് നൽകി വരുന്നുണ്ട്. ഈ പദ്ധതി എല്ലാ |

ഗൾഫ് രാജ്യങ്ങളിൽ നിന്നും ജയിൽ മോചിതരാകുന്നവർക്ക് അനുവദിക്കുന്നതിനായി പദ്ധതി വിപുലീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രവാസി മലയാളികൾക്കുള്ള പ്രവാസി തിരിച്ചറിയൽ കാർഡ് പദ്ധതിയുടെ ഇൻഷുറൻസ് ആനുകൂല്യങ്ങൾ ഇരട്ടിയാക്കി (2 ലക്ഷം രൂപ) വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ സ്വയം സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസി മലയാളികൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും, ആവശ്യമായ അനുമതികൾ നേടുന്നതിന് സഹായിക്കുന്നതിനുമായി നോർക്ക ബിസിനസ് സെന്റർ നോർക്ക റൂട്ട്സിന്റെ ഓഫീസിൽ സ്ഥാപിക്കുന്നതിന് പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസി-പ്പിക്കുന്നതിന്റെ ഭാഗമായി അവർ തുടങ്ങുന്ന കാർഷിക-വ്യാവസായിക സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനമെന്ന നിലയിൽ അവർ എടുക്കുന്ന ബാങ്ക് വായ്പയ്ക്ക് മൂലധന/പലിശ സബ്സിഡി നൽകുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ തങ്ങളുടേതല്ലാത്ത കാരണങ്ങളാലും, ചെറിയ കുറ്റങ്ങൾക്കും കേസിൽപ്പെടുന്ന മലയാളികൾക്ക് നിയമസഹായം നൽകുന്നതിന് പ്രവാസി ലീഗൽ എയ്ഡ് സെൽ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാർ പരിഗണനയിലാണ്. തിരികെ വന്ന നിർദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോർക്ക-റൂട്ട്സ് സ്വന്തം ഫണ്ടിൽ നിന്നും രൂപീകരിച്ചിട്ടുള്ള ചെയർമാൻ ഫണ്ടിലെ ആനുകൂല്യങ്ങൾ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. മറ്റ് സംസ്ഥാനങ്ങളിലെ പാവപ്പെട്ട മറുനാടൻ മലയാളികളുടെ മൃതശരീരം നാട്ടിലെത്തിച്ചു സംസ്ക്കരിക്കുവാൻ ചെയർമാൻ ഫണ്ട് വഴി

പരമാവധി 10000 രൂപ ധനസഹായം അനുവദിക്കുന്നതിനും കാൻസർ/ഹൃദയ/ കിഡ്നി സംബന്ധമായ അടിയന്തിര ശസ്ത്രക്രിയകൾക്ക് പരമാവധി 50000 രൂപ വരെ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ സാന്ത്വനപദ്ധതിയിൻ കീഴിലുള്ള ധനസഹായവും ഇരട്ടിയായി വർദ്ധിപ്പിച്ചു. പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേയ്ക്കായും നിക്ഷേപസാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കുമായി പ്രവാസി മലയാളി സംഗമങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) നോർക്ക റൂട്ട്സ് ഇപ്പോൾ ഏതെല്ലാം തരത്തിലുള്ള സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി)

- നോർക്ക റൂട്ട്സ് മുഖാന്തിരം താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നല്കുന്നു.

- കേരളത്തിലെ വിവിധ സർവകലാശാലകൾ നല്കിയിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളും.

- സംസ്ഥാന സാങ്കേതിക പരീക്ഷാ ബോർഡിനുവേണ്ടി ടെക്നിക്കൽ എക്സാമിനേഷൻസ് ജോയിന്റ് കൺട്രോളർ നല്കുന്ന സർട്ടിഫിക്കറ്റുകൾ.

- കേരള പൊതുപരീക്ഷാബോർഡ് സെക്രട്ടറി നല്കുന്ന സർട്ടിഫിക്കറ്റുകൾ. അതായത് എസ്.എസ്.എൽ.സി, ടൈപ്പ് റൈറ്റിങ് (ലോവർ/ഹയർ) സർട്ടിഫിക്കറ്റുകൾ, ഷോർട്ട് ഹാൻഡ് (ലോവർ/ഹയർ) സർട്ടിഫിക്കറ്റുകൾ, ടിടിസി സർട്ടിഫിക്കറ്റുകൾ, അതുപോലെയുള്ള മറ്റ് സർട്ടിഫിക്കറ്റു

കൾ.

- മെഡിക്കൽ പരീക്ഷാ ഡയറക്ടറേറ്റിനു വേണ്ടി പരീക്ഷാബോർഡ് ചെയർമാൻ നല്കുന്ന സർട്ടിഫിക്കറ്റുകൾ (ഉദാ: ഡി.ഫാം, ഡി.എം. എൽ.ടി, ഡി. എം. ആർ. ടി മുതലായവ)
- ദേശീയ പരീക്ഷാ ബോർഡ് (National Board of Examiners) നല്കുന്ന ഡി. എൻ. ബി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നല്കണമെങ്കിൽ കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ കോഴ്സ് പൂർത്തിയാക്കി-യിട്ടുള്ളവരും ഇതൊരു അധിക യോഗ്യതയായി അവരുടെ ടിസി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ചേർത്തിരിക്കുകയും വേണം.
- എൻ.ഐ.ഒ.എസ്. (NIOS) നല്കുന്ന സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നല്കണമെങ്കിൽ അപേക്ഷകർ കേരളത്തിലെ ഏതെങ്കിലും എൻ.ഐ.ഒ.എസ്. റീജിയണൽ സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും കേരളത്തിലെ ഏതെങ്കിലും പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതിയിട്ടുള്ളവരും ആയിരിക്കണം. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് അപേക്ഷകർ ഹാജരാക്കണം.
- കെ. എൻ. സി (KNC) നല്കിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ. അതായത് ജി.എൻ..എം, എ.എൻ.എം സർട്ടിഫിക്കറ്റുകൾ.

- എൻ.സി.വി.ടി/എസ്.സി.വി.ടി സർട്ടിഫിക്കറ്റുകൾ.
- കേരള സംസ്ഥാന സാക്ഷരതാ മിഷൻ 10-ാം സ്റ്റാൻഡേർഡിനുവേണ്ടി നല്കിയിട്ടുള്ള തുല്യതാ സർട്ടിഫിക്കറ്റ്.
- എച്ച്.ഡി.സി/ജെ.ഡി.സി സർട്ടിഫിക്കറ്റുകൾ.
- എച്ച്.എസ്.ഇ/വി.എച്ച്.എസ്.ഇ സർട്ടിഫിക്കറ്റുകൾ
- സി.ബി.എസ്.ഇ/ഐസി.എസ്.ഇ സർട്ടി-ഫിക്കറ്റുകൾ (ബന്ധപ്പെട്ട സ്കൂൾ കേരള സർക്കാരിന്റെ അധികാര പരിധിയിലായിരിക്കണം.)

വെരിഫിക്കേഷന് ശേഷം സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ താഴെ പറയുന്നു.

- എം.എസ്സ്., എം.ഡി., എം.സി.എച്ച് സർട്ടിഫിക്കറ്റ്, മെഡിക്കൽ ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ, (ഡി.ജി.ഒ., ഡി.എൽ.ഒ, ഡി.എ തുടങ്ങിയവ) ഇവയുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ അധിക വിദ്യാഭ്യാസ യോഗ്യതയായി രേഖപ്പെടുത്തി-യിട്ടില്ലെങ്കിൽ.
- എം.ഫിൽ, പി.എച്ച്.ഡി സർട്ടിഫിക്കറ്റുകൾ.
- കോഴിക്കോട് എൻ. ഐ.ടി, ഇഗ്നോ (IGNOU) എന്നിവയുടെ സർട്ടിഫിക്കറ്റുകൾ. അപേക്ഷകൻ

ഇഗ്നോയുടെ കേരളത്തിലെ ഏതെങ്കിലും മേഖല കേന്ദ്രത്തിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിൽ മാത്രമേ ഇഗ്നോയിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുകയുള്ളു.

(സി) സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ ജില്ലാ ആസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ട്, വിശദാംശങ്ങൾ എന്തെല്ലാം?

(സി & ഡി). നോർക്ക-റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ സേവനം നിലവിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ലഭ്യമാക്കുന്നുണ്ട്. എല്ലാ മാസവും നിശ്ചിത ദിവസങ്ങളിൽ ജില്ലാ ആസ്ഥാനങ്ങളിൽ അറ്റസ്റ്റേഷൻ ഉദ്യോഗസ്ഥരുടെ സേവനം പൊതു ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്.

സെക്ഷൻ ഓഫീസർ